**പ്രകൃതി വിഭവങ്ങളെല്ലാം അതിവേഗത്തിൽ സ്വകാര്യവൽക്കരിച്ചുകൊണ്ടിരിക്കുന്ന സർക്കാരി ന്റെ സാമ്പത്തിക വികസന അജണ്ട കൾ ഒരു ഭാഗത്ത് ഊർജിതമായി നടക്കുമ്പോൾ മറുഭാഗത്ത് കൊക്ക കോള കുപ്പികൾ എറിഞ്ഞു പൊട്ടിക്കുന്നതിലെ രാഷ്ട്രീയ സത്യസന്ധതയില്ലായ്മ എല്ലാവർക്കും അറിയാം.**

# മയിലമ്മയുടെ മരിക്കാത്ത ചോദ്യങ്ങൾ

സി.എസ്. ചന്ദ്രിക

നല്ല വെള്ളമില്ലാത്തതുകൊണ്ട് ദാഹമകറ്റാനും, ഭക്ഷണം വേവിച്ച് കഴിച്ച് വിശപ്പകറ്റാനും കഴിയാത്ത വിധം ദുരവസ്ഥയിൽ ജീവിക്കുകയും മരിക്കുകയും ചെയ്യുന്ന മനുഷ്യരുള്ള സ്ഥലങ്ങൾ ഈ ലോകത്തുണ്ട്. നമ്മുടെ പ്ലാച്ചിമട പോലെ സർവ്വവ്യാപിയായ അധിനിവേശ മൂലധനത്തിന്റെയും പുത്തൻവിപണി വ്യവസ്ഥയുടെയും കടന്നാക്രമണത്തിൽ എല്ലായിടത്തും ഈവിധം എപ്പോഴും ആദ്യം ഉന്മൂലനം ചെയ്യപ്പെടുന്നത് കറുത്ത വംശജരോ ദരിദ്രരോ ആദിവാസികളോ ദലിതരോ മൽസ്യതൊഴിലാളികളോ ആണെന്നതാണ് നമ്മുടെ മുമ്പിലുള്ള സവിശേഷ പ്രശ്നം. പ്ലാച്ചിമടയിലും ആദിവാസികളാണ് കുടിവെള്ളം അന്യാധീനപ്പെട്ടതിന്റെ ഏറ്റവും വലിയ ദുരന്തങ്ങൾ നേരിടുന്നത്. പ്രകൃതിയെ ആശ്രയിച്ചും ഉപജീവിച്ചും പരിപാലിച്ചും നിലനിന്നുകൊണ്ടിരുന്ന ഒരു മനുഷ്യസമൂഹത്തിന്റെ ജീവിതത്തിന്റെ മുഴുവൻ വേരുകളുമാണ് പൂർണ്ണമായും ഇവിടെ കടപുഴക്കിയെറിയപ്പെട്ടത്.

വെള്ളമില്ലാതാകുമ്പോഴും, ഭക്ഷണമില്ലാതാകുമ്പോഴും തൊഴിലില്ലാതാകുമ്പോഴും പരമ്പരാഗത ഉപജീവന മാർഗങ്ങൾ നഷ്ടപ്പെടുമ്പോഴും ജീവിതത്തിന്റെ ഏറ്റവും കടുത്ത യാതനകളും സഹനങ്ങളും നേരിടുക സ്ത്രീകളും കുട്ടികളുമാണ് എന്നതും ഇവിടെ സവിശേഷ പ്രാധാന്യമുള്ള പ്രശ്നമാണ്. പുരുഷാധികാര കേന്ദ്രീകൃതമായ ഈ ലോകത്ത് അത് അങ്ങനെയാണ്. എപ്പോഴും വെള്ളമില്ലാതാകുമ്പോൾ മൈലുകൾ താണ്ടി തലയിൽ കുടിവെള്ളം ചുമന്നുവരുന്ന സ്ത്രീകളുടെ അധ്വാനവും സമയവും ശിശു, വൃദ്ധപരിപാലനം പോലെയുള്ള നിർബന്ധിത ചുമതലകളും സ്ത്രീയുടെ ഗാർഹീക ജോലികളുടെ കൂട്ടത്തിൽ എപ്പോഴും അദൃശ്യവൽക്കരിക്കപ്പെടാറാണ് പതിവ്. അതുകൊണ്ട്തന്നെ എല്ലാതരത്തിലുമുള്ള താങ്കളുടെ അധ്വാനത്തിന്റെയും വേദനകളുടെയും ചൂഷണങ്ങളുടെയും പ്രത്യാഘാതങ്ങൾ തിരിച്ചറിയുന്ന സ്ത്രീകൾ അതിനെകുറിച്ച് തുറന്ന് പറയുകയും പ്രതിരോധ സമരങ്ങളിൽ പങ്കെടുക്കുകയും ചെയ്യാറുണ്ട്. താങ്കളുടെ സവിശേഷ അനുഭവങ്ങൾക്കുള്ള പരിഹാരം കുടിഉള്ളിന്റെ ഉള്ളിൽ സ്ത്രീകൾ ആഗ്രഹിക്കുന്നുണ്ട്. വെള്ളത്തിനുവേണ്ടി പ്ലാച്ചിമടയിൽ ഉയർന്നു വന്ന ആദിവാസികളുടെ സമരത്തിൽ സ്ത്രീകളുടെ ശക്തിയായ നേതൃത്വമുണ്ടായതിനു പിന്നിൽ തീർച്ചയായും ഈ ആഗ്രഹം കൂടി ഉണ്ടായിട്ടുണ്ട്.

പക്ഷെ പ്ലാച്ചിമടയിൽ കൊക്കൊകോള കമ്പനിക്കെതിരെ കുടിവെള്ളത്തിനു വേണ്ടിയുള്ള അവകാശ സമരത്തിന് നേതൃത്വം കൊടുത്ത മയിലമ്മ ഇതിനോടകം കൊല്ലപ്പെട്ടു. 2002 -ൽ പ്ലാച്ചിമടയിൽ എത്തിയ കൊക്കോകോള കമ്പനി 2007 വരേയുള്ള വെറും 5 വർഷം

കൊണ്ട് വിതച്ച വ്യാപകമായ വിനാശങ്ങളുടെ ഭാഗമായിരുന്നു ആ മരണവും. 2007 ജനുവരി 6 നായിരുന്നു മയിലമ്മ മരണപ്പെട്ടത് കൊക്കോകോള കമ്പനി നടത്തിയ പരിസരമലിനീകരണത്തിന്റെയും, കുടിവെള്ള മലിനീകരണത്തിന്റെയും പ്രത്യാഘാതമായി മയിലമ്മക്കു ലഭിച്ച ഗുരുതരമായ സോറിയാസിസ് എന്ന ത്വക് രോഗത്തെ തടഞ്ഞു നിർത്താൻ വൈദ്യശാസ്ത്രത്തിനു പോലുമായില്ല.

• • •


വിദേശകമ്പനികൾ നമ്മുടെ നാട്ടിൽ വേരുറപ്പിക്കാൻ വരുമ്പോൾ എപ്പോഴും പ്രചരിപ്പിക്കുന്നതുപോലെ തൊഴിൽരഹിതരും, ദരിദ്രരുമായ ആയിരകണക്കിനു മനുഷ്യരുടെ ജീവിതം പൂവണിയുമെന്ന് കൊക്കോകോള കമ്പനിയും വാഗ്ദാനങ്ങൾ നൽകിയിരുന്നു. മയിലമ്മയടക്കമുള്ള ആദിവാസികളും തദ്ദേശവാസികളും ഈ വാഗ്ദാനം ശരിയായിരിക്കുമെന്നും വിശ്വസിച്ചിരുന്നു. തങ്ങളുടെ മക്കൾക്ക് ജോലി കിട്ടും എന്നായിരുന്നു പ്രതീക്ഷിച്ചത് എന്നാണ് മയിലമ്മ അതിനെകുറിച്ച് പറഞ്ഞത്. കൊക്കോകോളക്ക് പ്ലാച്ചിമടയിൽ നിന്ന് ശുദ്ധമായ ഭൂഗർഭജലം കിട്ടുമ്പോൾ തങ്ങൾക്ക് കിട്ടുന്നത് കൊക്കോകോള ഉല്പാദിപ്പിക്കുന്ന വിഷലിപ്തമായ ഖരമാലിന്യങ്ങളും മാരകമായ രോഗങ്ങളും വിഷവാതകങ്ങൾ കലർന്നകുടിവെള്ളവുമാണ് എന്നവർ മനസ്സിലാക്കിയത് പിന്നീടായിരുന്നു. പ്ലാച്ചിമടയിലെ ജനങ്ങളുടെ പൊതുവായതും സ്ത്രീകളുടെ സവിശേഷമായതുമായ ദുരന്ത ജീവിതത്തെ മയിലമ്മയേക്കാൾ ശക്തമായി മറ്റാരും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് തോന്നുന്നില്ല.

കോള കമ്പനി തുടങ്ങി മോസം കഴിഞ്ഞപ്പം ഇവിടത്തെ വെള്ളത്തിന്റെ ടേസ്റ്റ് മാറി. അതുപ്പുവെള്ളമെന്നു കരുതി. അതില് ചോറ് വെച്ചാൽ തീ കത്തിച്ചിരുന്നാൽ അരി വേകില്ല. അങ്ങനെ കത്തിച്ച്, അരി വേകിച്ചാൽ 10 മിനിറ്റ് കഴിഞ്ഞാൽ പശ പശ പോലെയാകും. ചോറ് അലിഞ്ഞലിഞ്ഞ് ഇല്ലാതാകും. ചോറുണ്ട് 10 മിനിറ്റ് കഴിഞ്ഞാൽ അപ്പം പുറത്തേക്ക് പോകും. കുട്ടികളും എല്ലാം വയറുവേദനയായി പുറത്തുപോകും. പുറത്തേക്ക് പോയിപ്പോയി ആള്ക്ക് മതിയാകും. ഒരു കൊല്ലം കഴിഞ്ഞപ്പം ഇവിടെ തീരെ ചോറു വെക്കാണ്ടില്ലാതായി..... വെള്ളം തൊട്ടാല് ചൊറിയും. വെള്ളം കുടിച്ചിട്ട് എന്റെ ആടിന്റെ കയ്യും കാലും തളർന്നു. കുട്ടികൾക്ക് കയ്യും കാലും ഊനം വന്നു..... ഓരോ കുട്ടികളിലെ കുളിപ്പിച്ചപ്പോ കയ്യും കാലും വരില്ല. ഉസാറില്ലാണ്ടാവും. ഈ വെള്ളം കുടിച്ചിട്ട് എന്റെ പേരക്കുട്ടി മരിച്ചുപോയി. അടുത്ത വീട്ടിലും കുട്ടി മരിച്ചു. ഓരോ വീട്ടിലേയും ഓരോ ആളെ കൊലക്ക് കൊടുത്തു. ഗർഭം അലസിപോയി. 10 മാസം തികഞ്ഞ് പ്രസവിക്കണത് 3 ദിവസം മൂക്കിൽ കൂടി ചോര വന്ന് മരിച്ചു. ഈറലും, കിഡ്നിയും ഇല്ലാത്ത കുട്ടികൾ ജനിക്കുന്നു.

ഈ ഭയാനകമായ ജീവിതാവസ്ഥകളെ കാണാൻ എന്തുകൊണ്ടാണ് നമ്മുടെ നീതിന്യായ സംവിധാനങ്ങൾ മടിക്കുന്നതെന്ന ചോദ്യത്തിനിവിടെ തീരെ പ്രസക്തിയില്ല. ഇന്ത്യൻ സർക്കാരിനെയും നീതിന്യായ സംവിധാനങ്ങളെയും വിലക്കു വാങ്ങാൻ ശേഷിയുള്ള കൊക്കോകോളക്കു മുമ്പിൽ നിസ്വരം നിസ്സഹായരുമായ ആദിവാസികളുടെ നിലനില്പ്പ് തീരെ അപ്രധാനമാണ്. പ്ലാച്ചിമടയിലെ ജനകീയസമരത്തിന്റെ ഭാഗമായി ലൈസൻസ് റദ്ദാക്കപ്പെട്ട് പൂട്ടിയിടേണ്ടി വന്ന കമ്പനിയുടെ രക്ഷക്കെത്താൻ ഇവിടത്തെ നീതിന്യായവ്യസ്ഥകൾക്ക് കഴിയുന്നത് അതുകൊണ്ടാണ്. പൂട്ടിയിട്ട കമ്പനിക്ക് തുറന്ന് പ്രവർത്തിക്കാൻ പെരുമാട്ടി പഞ്ചായത്തു വീണ്ടും ലൈസൻസ് നൽകണമെന്ന ആവശ്യത്തിന്മേൽ, ഓരോ ദിവസം 5ലക്ഷം വെള്ളം വരെ കൊക്കോകോള കമ്പനിക്ക് ഊറ്റിയെടുക്കാമെന്നുള്ള റൂളിംഗ് നൽകാൻ ഹൈക്കോടതിക്ക് ഒരു ബുദ്ധിമുട്ടുമുണ്ടാവില്ല. ഈ ഹൈക്കോടതി വിധി വന്ന സാഹചര്യത്തിൽ കേരളത്തിലും, ഇന്ത്യക്കകത്തും ലോകത്തിന്റെ പല ഭാഗങ്ങളിലും കൊക്കോകോളക്കെതിരെ ഉയർന്നു വന്ന പ്രതിഷേധങ്ങൾ പ്ലാച്ചിമട സമരത്തിനു ലഭിച്ച വലിയ പിന്തുണയായിരുന്നു. അന്ന് പലയിടങ്ങളിലും കൊക്കോകോള ബഹിഷ്ക്കരിക്കപ്പെടുകയും ചില യുണിവേഴ്സിറ്റി ക്യാമ്പസ്സുകളിൽ കൊക്കോകോളക്ക് കോൺട്രാക്ടറുകൾ നഷ്ടപ്പെടുകയും ചെയ്തു.

• • •

പക്ഷെ ഇപ്പോഴും ഈ സമരം ഉയർത്തിയ അടിസ്ഥാനപരമായ പ്രശ്നങ്ങൾ അതേപടി നിലനിൽക്കുകയാണ്. സുപ്രീംകോടതിയിൽ നിന്ന് അനുകൂലമായ വിധി വരുന്നതുവരെ മാത്രമാണോ കൊക്കകോളയുടെ ബോട്ടിലിംഗ് പ്ലാന്റ് അടഞ്ഞു കിടക്കുക! ബഹുരാഷ്ട്ര കുത്തകകൾ വികസ്വര രാജ്യങ്ങളിൽ നടത്തുന്ന



ഫോട്ടോ : അജിലാൽ

അധിനിവേശവും ചൂഷണവും അക്രമവും നിർബാധം തുടരുകയാണ്. പ്ലാച്ചിമടയിൽ ജനങ്ങൾക്കു നേരെയുള്ള കൊക്കകോളയുടെ അക്രമങ്ങളുടെ ദുരിതഫലങ്ങൾ ഇല്ലാതാകാനോ കുറക്കാനോ സർക്കാരിനു കഴിഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ സർക്കാരും അതിനുള്ളിലെ പ്രധാന ഇടതുപക്ഷ പാർട്ടിയായ സി.പി.ഐ. എമ്മും കൊക്കകോള വിരുദ്ധ പ്രസ്താവന നടത്തിയാലും കോളകുപ്പികൾ പൊട്ടിച്ചെറിഞ്ഞാലും കോള ഉല്പ്പന്നങ്ങൾ നിരോധിച്ചാലും സമരസമിതിയോടൊപ്പം കോടതിയിൽ പോകാൻ കക്ഷി ചേർന്നാലും രാഷ്ട്രീയനയങ്ങളിലും പദ്ധതികളിലും തികച്ചും ജനവിരുദ്ധമായ അധിനിവേശ ചേരിയിലാണ് നിൽക്കുന്നത്. നമ്മുടെ ഭൂമിയും പ്രകൃതിയും-മണ്ണും, വായും, വെള്ളവും, കാടും, മരങ്ങളും അതിവേഗത്തിൽ സ്വകാര്യവൽക്കരിച്ചുകൊണ്ടിരിക്കുന്ന സർക്കാരിന്റെ സാമ്പത്തിക വികസന അജണ്ടകൾ ഒരു ഭാഗത്ത് ഊർജിതമായി നടക്കുമ്പോൾ മറുഭാഗത്ത് കൊക്കകോള കുപ്പികൾ എറിഞ്ഞു പൊട്ടിക്കുന്നതിലെ രാഷ്ട്രീയ സത്യസന്ധതയില്ലായ്മ എല്ലാവർക്കും അറിയാം. വാസ്തവത്തിൽ പ്ലാച്ചിമടയിൽ ജീവനും ജീവിതത്തിനും വേണ്ടി സമരം ചെയ്യുന്ന ആദിവാസി കൾക്കും മറ്റു പ്രദേശ വാസി കൾക്കും അവർക്കൊപ്പം നിൽക്കുന്ന സിവിൽ സമൂഹ സംഘടനകൾക്കും മാത്രമാണ് ഈ സമരത്തെ അതിന്റെ യഥാർത്ഥ മാനങ്ങളിലേക്ക് കൊണ്ടുപോകാനാവുക.

ആദിവാസികൾക്ക് അന്യാ ധീനപ്പെട്ട ഭൂമി നൽകാൻ ബുദ്ധിമുട്ടാണെന്ന് സുപ്രീംകോടതിയിൽ പറയാൻ മടിക്കാത്ത, കുടിവെള്ളത്തെ സ്വകാര്യവത്ക്കരിക്കാൻ എ.ഡി.ബി. കരാറിൽ ഒപ്പു വെച്ച് പദ്ധതികൾ നടപ്പാക്കുന്ന സർക്കാർ പ്ലാച്ചിമടയിലെ ജനങ്ങളുടെ പ്രാഥമിക അവകാശങ്ങൾക്കുവേണ്ടി കോടതിയിൽ സംസാരിക്കുമോ? ഏതായാലും വെള്ളത്തിന്റെ മേൽ മാത്രമല്ല മറ്റെല്ലാ പ്രകൃതിവിഭവങ്ങളിന്മേലുള്ള ജനങ്ങളുടെ അവകാശത്തെകുറിച്ചും ഇക്കാര്യങ്ങളിന്മേലുള്ള ഭരണനിർവ്വഹണ അവകാശങ്ങളെക്കുറിച്ചും കോടതികളാണിപ്പോൾ തീരുമാനമെടുക്കുന്നത്. മുഖ്യധാര രാഷ്ട്രീയ മേഖലയിലെ ജനാധിപത്യ പ്രക്രിയ കൾ ഇവിടെ എന്നേ മരിച്ചു കഴിഞ്ഞു. 7 വർഷമായി നീണ്ടു നിൽക്കുന്ന പ്ലാച്ചിമട സമരം അതിന്റെ സജീവത നിലനിർത്താൻ ഇപ്പോഴും ശ്രമിച്ചു കൊണ്ടിരിക്കുന്നു എന്നതു മാത്രമാണ് ആശ്വാസം. പക്ഷെ ജീവിക്കാനുള്ള പ്രാഥമിക അവകാശ ങ്ങൾക്കു വേണ്ടി ഒരു വലിയ പ്രതിരോധം പോലെ ഉയർന്നു വന്ന പ്ലാച്ചിമടയിലെ ഒരു സമരത്തിന് എത്രകാലം ഈ വിധം നീണ്ടുനിൽ ക്കാനാവും ? എങ്ങനെയായിരിക്കും ഈ സമരം അവസാനിക്കുക ? ഒരു പക്ഷെ എന്നെന്നേക്കുമായി പ്ലാച്ചിമടയിൽ നിന്ന് കൊക്കൊകോള പോകു മ്പോൾ കമ്പനി ഇന്നോളം നടത്തിയ വൻ കുറ്റകൃത്യങ്ങൾക്കെതിരെ എന്ത് നടപടികളാണുണ്ടവുക? തീർത്താൽ തീരാത്ത നഷ്ടങ്ങൾ എങ്ങനെയാണ് പരിഹരിക്കുക? പ്ലാച്ചിമടയിലെ കുടിവെള്ളം എന്നാണ് വിഷവിമുക്ത മാവുക? എപ്പോഴാവും ജനങ്ങൾക്ക് സമാധാനമായി ജീവിക്കാനാവുക? എന്നിങ്ങനെ ഒരുപാടു ചോദ്യങ്ങൾ ഉയർത്താനുള്ള ശേഷി ഈ സമരം ഇവിടെ ഉണർത്തി വിട്ടിട്ടുണ്ട് എന്നെനിക്ക് തോന്നുന്നു.

*ഹൗസ് നമ്പർ-11, എം.എസ്.പി. നഗർ,*
*തിരുമല പി.ഒ., തിരുവനന്തപുരം-6*

**കേരളീയം കൂട്ടായ്മ**

താങ്കളുടെ സഹായം തേടുന്നു
കൂട്ടായ്മ അംഗത്വം 10,000 രൂപ
ആജീവാനന്ത വരിസംഖ്യ
വിദേശത്തേക്ക് 8000 രൂപ,
ഇന്ത്യയിൽ 5,000 രൂപ
വാർഷിക വരിസംഖ്യ *12 ലക്കം* :
• ഇന്ത്യയിൽ 240 രൂപ
സ്ഥാപനങ്ങൾക്ക് 500 രൂപ,
വിദേശത്തേക്ക് 1000 രൂപ
കത്തുകൾ, വാർത്തകൾ, സംഭാവന,
വരിസംഖ്യ
*ബന്ധപ്പെടുക* :
കേരളീയം, കൊക്കാലെ, തൃശൂർ-21.
Ph : 9446576943, 9447674375
robinkeraleeyam@gmail.com

*With best compliments from*
**CENTRE FOR POST GRADUATE STUDIES**
**P.G. Centre**
**North Bus Stand, Thrissur-20.**
Ph : 2338983, 6950675 e-mail : pgcentre.tsr@gmail.com

